


ഫാ. മനീഷ് ഓലംകണ്ണേൽ

ദൈവസ്നേഹം ബെത്‌ലഹെം മലഞ്ചെരുവുകളിൽ അന്തിയുറങ്ങിയതിന്റെ ഓർമ്മ ക്രിസ്തുമസ്. ഏശയ്യാ ദീർഘദർശിയുടെ ഇമ്മാനുവൽ പ്രവചനവും പ്രവാചകന്മാരുടെ ദീർഘദർശനങ്ങളും സാഫല്യമണിഞ്ഞ പുണ്യരാത്രി ക്രിസ്മസ്.

പൂർവ്വപിതാക്കന്മാരും പ്രവാചകന്മാരും രാജാക്കന്മാരും കൊതിയോടെ കാത്തിരുന്ന ആ പൈതലിന്റെ തിരുമുഖം നോക്കി താരകൾ കണ്ണ് ചിമ്മിയ രാവ്, ക്രിസ്മസ്. ലോകം ഒരു കാലിക്കൂട്ടിലേക്ക് ചുരുങ്ങിയ രാത്രി. സ്വർഗ്ഗം തുറന്നിട്ട രാത്രി, മാലാഖവൃന്ദങ്ങളും താരാഗണങ്ങളും മണ്ണിലിറങ്ങിയ പുണ്യരാത്രി. മഞ്ഞുമഴപെയ്ത മലഞ്ചെരുവിൽ മർത്യനായ് ദൈവം പിറന്ന രാത്രി. ശാന്തരാത്രി! ദിവ്യരാത്രി! ക്രിസ്മസ് രാത്രി. ഏവർക്കും ഉണ്ണിയേശുവിന്റെ തിരുപ്പിറവി ആശംസകൾ!

“യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും; ഇമ്മാനുവേൽ എന്നവൻ വിളിക്കപ്പെടും” (ഏശയ്യ 7,14). മനുഷ്യാവതാരത്തെ സൂചിപ്പിക്കുന്ന ഏറ്റവും ശക്തമായ വചനങ്ങളിൽ ഒന്നാണിത്. ദൈവദൂതൻ ഇത് ഉദ്ധരിക്കുന്നതും ശ്രദ്ധേയമാണ് (മത്താ 1, 22-23). ‘ഇമ്മാനുവേൽ’ (ദൈവം നമ്മോടുകൂടെ) ഇങ്ങനെയാണ് വിശുദ്ധ ഗ്രന്ഥം മനുഷ്യാവതാരത്തെ വിശേഷിപ്പിക്കുന്നത്. അതുവരെ മഹത്വപൂർണ്ണനായൊരു ദൈവത്തെക്കുറിച്ചുള്ള കേട്ടറിവ് മാത്രമേ മനുഷ്യനുണ്ടായിരുന്നുള്ളൂ. ഇനി അവൻ നമ്മിലൊരുവനായി എണ്ണപ്പെടുകയാണ്. ആ ലാളിത്യത്തെ ബുദ്ധികൊണ്ട് അളക്കാനാവില്ല. അസാധാരണമായ ഒരു സാധാരണത്വം യേശുവിന്റെ മനുഷ്യാവതാരത്തിൽ തെളിഞ്ഞു നിൽക്കുന്നുണ്ട്. ജന്മം നമുക്കൊരു തിരഞ്ഞെടുപ്പല്ല. (Birth is not a choice) എന്നിരിക്കിലും ഒരു option കിട്ടിയാൽ കുറച്ചുകൂടി മെച്ചപ്പെട്ട ഇടങ്ങളായിരിക്കും നാം തിരഞ്ഞെടുക്കുക, തീർച്ച. എന്നാൽ ദൈവസമാനത വെടിഞ്ഞ് ദാസനായി, ശൂന്യനായി (ഫിലി 2, 6-7) മനുഷ്യന്റെ സാദൃശ്യത്തിൽ ആയിത്തീർന്ന യേശു തമ്പുരാൻ കാലിക്കൂട്ടിൽ പിറന്നു വീണു. “ക്രിസ്തുഗാഥ”യിൽ പ്രൊഫ. മാത്യു ഉലകംതറ വിവരിക്കുന്നത് ശ്രദ്ധേയമാണ്.

"അന്നമായ് മന്നിനു തന്നുടൽ നൽകിയോൻ
വന്നുപിറന്നു മൃഗാന്നത്തിന്മേൽ" (ക്രിസ്തുഗാഥ)

എന്തിനാണ് ഒരു ദൈവം വൈക്കോൽ മെത്തയിൽ ഒരു കീറത്തുണിയിൽ പിറന്നു വീണത്? വിശുദ്ധ അഗസ്റ്റിനാണ് ഇതിന് ഏറ്റവും തൃപ്തികരമായ ഉത്തരം തരുന്നത്. "മനുഷ്യപുത്രന്മാരെ ദൈവപുത്രന്മാരാക്കാൻ ദൈവപുത്രൻ മനുഷ്യപുത്രനായി" (വി.അഗസ്റ്റിൻ). ഇതാണ് സത്യം. മനുഷ്യന്റെ നിലവാരമുയർത്താൻ നമ്മുടെ ആത്മാഭിമാനത്തിന്റെ സൂചിക ഉയരാൻ നമ്മേക്കാൾ ലോക്കൽ ആയി ജനിച്ചുവീണ ദൈവം. പുൽക്കൂട്ടിൽക്കിടക്കുന്ന ഉണ്ണിയെക്കണ്ട് ദൈവത്തെ സ്തുതിച്ചും മഹത്വപ്പെടുത്തിയും സന്തോഷത്തോടെയല്ലേ, ആട്ടിടയൻ മടങ്ങിപ്പോയത്? അവരെങ്ങനെ ദൈവത്തെ സ്തുതിക്കാതിരിക്കും? രക്ഷകൻ തങ്ങളേക്കാൾ 'ലോക്കൽ' ആയി തങ്ങളിൽ ഒരുവനായി ജനിച്ചിരിക്കുന്നു. അവൻ ജനിച്ചത് സ്വർണ്ണ ഗോപുരങ്ങളിലായിരുന്നെങ്കിലോ? കിട്ടാതെ പോയ സൗഭാഗ്യത്തെ ഓർത്ത് ദുഃഖിച്ചും ശിരസ്സു കുനിച്ചും, ഒപ്പം അസൂയ പൂണ്ടും മാത്രമേ പോകുമായിരുന്നുള്ളൂ. എന്നാൽ ബെത്‌ലഹമിലെ ശിശു മനുഷ്യജീവിതങ്ങൾക്ക് പുതിയ ദിശാബോധം നൽകുകയാണ്. അവന്റെ ജനനം മുതൽ നമ്മൾ 'വേറെ ലെവൽ' ആണ്. മനുഷ്യന്റെ ആത്മാഭിമാനത്തിന്റെ സൂചിക ഉയരുകയാണിവിടെ; നമ്മുടെ നിലവാരമുയർത്തിയ തിരുപ്പിറവി. ഇതാണ് ക്രിസ്തുമസ് നമ്മുടെ അസ്തിത്വത്തിന്റെ ഭാഗമായിത്തീരാൻ കാരണം. സൃഷ്ടി മുതൽ ദൈവം പരിശ്രമിച്ചത് ഇതിനുവേണ്ടിയാണ്. തന്റെ നിലവാരത്തിലേക്ക് നമ്മെ ഉയർത്താൻ. തന്റെ പരിശുദ്ധിയിൽ നമ്മൾ ഭാഗഭാക്കുകളാവാൻ. ഉല്പത്തി ഗ്രന്ഥം വിവരിക്കുന്നു "നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം'' (1,26). ഹെബ്രായ ലേഖനം സൂചിപ്പിക്കുന്നു: "ദൈവം നമ്മെ പരിശീലിപ്പിക്കുന്നത് നമ്മുടെ നന്മയ്ക്കും തന്റെ പരിശുദ്ധിയിൽ നാം പങ്കുകാരാകുന്നതിനും വേണ്ടിയാണ്" (12,10). രണ്ടാം കിട പരിശുദ്ധിയല്ല തന്റെ പരിശുദ്ധിയിൽ ഭാഗഭാക്കുകളാകാനാണ് ക്ഷണം എന്ന് സ്പഷ്ടം. മനുഷ്യനെ ഒപ്പം കൂട്ടാനും കൂടെ നടത്താനുമാണ് ദൈവം ആഗ്രഹിച്ചതെന്ന് ഉല്പത്തി ഗ്രന്ഥം മുതൽ വ്യക്തമാണ്. എന്നാൽ 'നിലവാരം കുറഞ്ഞ' തിരഞ്ഞെടുപ്പുകളിലൂടെ മനുഷ്യൻ 'നിലതെറ്റി' വീണു. ഒന്നല്ല, ഒരായിരം തവണ. ഏദനിലും മരുഭൂമിയിലും കാനാനിലും വിപ്രവാസത്തിലും നിലവാരത്തകർച്ച നേരിട്ട തന്റെ ജനത്തെ കരകയറ്റാൻ ദൈവം കണ്ടെത്തിയ 'മാസ്റ്റർ പ്ലാനാണ്' രക്ഷകന്റെ തിരുപ്പിറവി. "അന്ധകാരത്തിൽ കഴിഞ്ഞിരുന്ന ജനം മഹത്തായ ഒരു പ്രകാശം കണ്ടു. കൂരിരുട്ടിന്റെ ദേശത്ത് വസിച്ചിരുന്നവരുടെമേൽ പ്രകാശം ഉദിച്ചു" (ഏശ 9,2). ക്രിസ്മസ് മനുഷ്യന്റെയുള്ളിൽ പ്രതീക്ഷയുടെയും സന്തോഷത്തിന്റെയും വിളക്ക് തെളിക്കുകയാണ്.

2013-ൽ ഈ ലോകത്തോട് വിടപറഞ്ഞ അമേരിക്കൻ ആത്മീയ ഗ്രന്ഥകാരനാണ് ഫാ. ബ്രെണ്ണൻ മാനിങ് (Brennen Maning). The Relentless Tenderness എന്ന ഗ്രന്ഥത്തിൽ അദ്ദേഹം ഒരു അനുഭവം വിവരിക്കുന്നുണ്ട്. ക്രിസ്മസിന് തൊട്ടടുത്തുള്ള ഒരു ദിനം അദ്ദേഹം ചിക്കാഗോ എയർപോർട്ടിൽ നിൽക്കുകയാണ്. ഒരു വാരാന്ത്യധ്യാനത്തിനായി ടെക്സാസിലേക്ക് (Texas) പോകാനിറങ്ങിയതാണ്. പക്ഷേ പെട്ടെന്നുണ്ടായ കൊടുങ്കാറ്റിൽ സ്ഥിതിഗതികൾ വഷളായി. ഫ്ളൈറ്റുകൾ പലതും ലാൻഡ് ചെയ്തില്ല. ചിലത് വൈകിപ്പറന്നു. വാർത്താവിതരണ/വിനിമയ സംവിധാനങ്ങൾ തകരാറിലായി. പരിഭ്രാന്തരായ ജനം ബഹളം വയ്ക്കാൻ തുടങ്ങി. ചിലർ അലറിക്കരഞ്ഞു മറ്റു ചിലർ ചീത്തവിളിച്ചും അക്ഷമരായും ഓടി നടന്നു. പക്ഷേ, ഈ അരക്ഷിതാവസ്ഥയിലും പ്രശാന്തതയോടെയും തികഞ്ഞ സന്തോഷത്തോടെയും ഒരു കൈക്കുഞ്ഞിനെയും ലാളിച്ച് പുഞ്ചിരി തൂകി നിൽക്കുന്ന ഒരു നീഗ്രോ സ്ത്രീ മാനിങിന്റെ ശ്രദ്ധയിൽപ്പെട്ടു. അദ്ദേഹം അവളോട് ചോദിച്ചു: "എന്തുകൊണ്ടാണ് നീ ഇത്ര സന്തോഷവതിയായി കാണപ്പെടുന്നത്? അവളുടെ മറുപടി "ക്രിസ്മസ് അടുത്ത് വരികയാണ്. ആ

ഉണ്ണിയേശു എന്നെ സന്തോഷിപ്പിക്കുന്നു." (Christmas is coming and that baby jesus makes me laugh).

ബെത്‌ലഹെമിലെ ശിശു മനുഷ്യന്റെ ആനന്ദം വർദ്ധിപ്പിക്കുകയാണ്. ജന്മം സഫലമായി എന്നൊരു തോന്നൽ ആ മുഖത്ത് നോക്കുന്നവർക്ക് Feel ചെയ്യും തീർച്ച. അതുകൊണ്ടല്ലേ "ഇനി ഈ ദാസനെ സമാധാനത്തിൽ വിട്ടയച്ചാലും സകല ജനതകൾക്കും വേണ്ടി രക്ഷ എന്റെ കണ്ണുകളിൽ കണ്ടുകഴിഞ്ഞു" (ലൂക്ക 2,30) എന്ന് ആ വയോധികൻ ഉറക്കെപ്പറഞ്ഞത്. നിക്ഷേപ പാത്രങ്ങൾ തുറന്ന് പൊന്നും കുന്തിരിക്കവും മീറയും കാഴ്ചവച്ച ജ്ഞാനികൾ "മറ്റൊരു വഴിയേ സ്വദേശത്തേക്കു പോയി'' (മത്താ 2,12) എന്നതും ചേർത്ത് വായിക്കണം. ജന്മം സഫലമായതിന്റെ സന്തോഷത്തിന്റെ പുതിയ വെളിച്ചവുമായി അവർ യാത്ര തുടങ്ങി എന്നുവേണം അനുമാനിക്കാൻ. പുൽക്കൂട്ടിൽ എത്തുന്നവരിലൊക്കെ പുതിയ വെളിച്ചം പടരുകയാണ്. സ്വയാവബോധത്തിന്റെ ഗ്രാഫ് ഉയരുന്ന പ്രതീതി. നമ്മൾ അത്ര മോശക്കാരല്ല എന്ന ഒരു Feel ഉണ്ണിയെക്കണ്ട് തിരികെപ്പോയ ആട്ടിടയർ പരസ്പരം പറഞ്ഞുകാണണം "നമ്മൾ വേറെ ലെവൽ ആണ് ബ്രോ."

പലമേഖലകളിലും നിലവാരത്തകർച്ച നേരിടുന്ന ആധുനിക സമൂഹത്തിൽ (നിലവാരം മറഞ്ഞ ബന്ധങ്ങൾ, ദാമ്പത്യം, ഭരണസംവിധാനം, രക്ഷാപ്രവർത്തനങ്ങൾ etc...) ക്രിസ്മസ് ഒരു വഴിവിളക്കാവട്ടെ എന്ന് ആശംസിക്കുന്നു.

മനുഷ്യാവതാരത്താൽ മനുഷ്യവംശത്തെ മഹത്വമണിയിച്ച മിശിഹായേ നിനക്കു സ്തുതി.

ആദിയിൽ ദൈവത്തോടൊപ്പമായിരുന്ന മാംസം ധരിച്ച വചനമേ നിനക്കു സ്തുതി.

മറിയത്തിന്റെ മകനായി കാലിക്കൂട്ടിൽ പിറന്നവനേ നിനക്കു സ്തുതി...

"വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു" (Jn 1,14). ◆

